ഹദീസ്
5

عَنْ أَبِي أُمَامَةَ، أَنَّ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ قَالَ: مَنِ اقْتَطَعَ حَقَّ امْرِئٍ مُسْلِمٍ بِيَمِينِهِ، فَقَدْ أَوْجَبَ اللهُ لَهُ النَّارَ، وَحَرَّمَ عَلَيْهِ الْجَنَّةَ. فَقَالَ لَهُ رَجُلٌ: وَإِنْ كَانَ شَيْئًا يَسِيرًا يَا رَسُولَ اللهِ؟ قَالَ: وَإِنْ قَضِيبًا مِنْ أَرَاكٍ -رواه مسلم

അബൂഉമാ ﵁ നിവേദനം. നബി ﷺ പറഞ്ഞു: ഒരാൾ തെറ്റായ സത്യം ചെയ്ത് ഒരു മുസ്‌ലിമിന്റെ അവകാശം കൈവശപ്പെടുത്തുകയാണെങ്കിൽ, അല്ലാഹു അവന് നരകം നിർബന്ധമാക്കുകയും സ്വർഗ്ഗം നിഷിദ്ധമാക്കുകയും ചെയ്തിരിക്കുന്നു. ഒരാൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ, അത് വളരെ നിസ്സാരമായ കാര്യമാണെങ്കിൽ പോലും? നബി ﷺ പറഞ്ഞു: അതെ, ഒരു അറാക്കിന്റെ കമ്പാണെങ്കിലും.

വിവരണം

- മറ്റുള്ളവരുടെ അവകാശങ്ങൾ അനർഹമായി കൈവശപ്പെടുത്താൻ ഒരാൾക്കും അനുവാദമില്ല. അത് ഒരു നിസാര കാര്യമായിരുന്നാൽ പോലും ഗുരുതരമാണ് എന്നാണ് ഈ ഹദീസ് പഠിപ്പിക്കുന്നത്.
- വിശുദ്ധ ഖുർആനിൽ ഇതുമായി ബന്ധപ്പെട്ട് ആയത്തുകൾ കാണാം. അല്ലാഹു പറയുന്നു:

يَاأَيُّهَا الَّذِينَ آمَنُوا لَا تَأْكُلُوا أَمْوَالَكُمْ بَيْنَكُمْ بِالْبَاطِلِ(النساء:29)

- (സത്യവിശ്വാസികളേ, നിങ്ങൾ നിങ്ങളുടെ സ്വത്തുക്കൾ പരസ്പരം അന്യായമായി എടുത്ത് തിന്നരുത്).

إِنَّ الَّذِينَ يَشْتَرُونَ بِعَهْدِ اللَّهِ وَأَيْمَانِهِمْ ثَمَنًا قَلِيلًا أُولَئِكَ لَا خَلَاقَ لَهُمْ فِي الْآخِرَةِ وَلَا يُكَلِّمُهُمُ اللَّهُ وَلَا يَنْظُرُ إِلَيْهِمْ يَوْمَ الْقِيَامَةِ وَلَا يُزَكِّيهِمْ وَلَهُمْ عَذَابٌ أَلِيمٌ- (آل عمران:77)

- (അല്ലാഹുവോടുള്ള കരാറും സ്വന്തം ശപഥങ്ങളും തുച്ഛവിലയ്ക്ക് വിൽക്കുന്നവരാരോ അവർക്ക് പരലോകത്തിൽ യാതൊരു ഓഹരിയുമില്ല. ഉയിർത്തെഴുന്നേൽപിന്റെ നാളിൽ അല്ലാഹു അവരോട് സംസാരിക്കുകയോ, അവരുടെ നേർക്ക് (കാരുണ്യപൂർവ്വം) നോക്കുകയോ ചെയ്യുന്നതല്ല. അവൻ അവർക്ക് വിശുദ്ധി നൽകുന്നതുമല്ല. അവർക്ക് വേദനയേറിയ ശിക്ഷയുണ്ടായിരിക്കുന്നതുമാണ്).

ഹദീസിൽ നിന്നുള്ള പാഠങ്ങൾ

- കളവ് പറയലും കള്ള സത്യവും വലിയ പാപമാണെന്ന് ഈ ഹദീസ് അറിയിക്കുന്നു. ജനങ്ങളെ ഒരുനിലക്കും ദ്രോഹിക്കാൻ പാടില്ല. അറിഞ്ഞുകൊണ്ട് അങ്ങനെ ചെയ്താൽ അവൻ നരകാവകാശി ആയിത്തീരും. അറിയാതെ ഇത്തരം കാര്യങ്ങൾ ജീവിതത്തിൽ വന്നുപോയാൽ പ്രശ്നമില്ല. അറിയുന്ന അവസരത്തിൽ അതിൽ നിന്ന് പിൻമാറുകയും മറ്റുള്ളവരുടെ അവകാശങ്ങൾ തിരിച്ചേൽപ്പിക്കുകയും വേണം. അതോടൊപ്പം അല്ലാഹുവിനോട് തൗബ ചെയ്യുകയും ഇസ്തിഗ്ഫാർ വർധിപ്പിക്കുകയും ചെയ്യണം.

- ഒരു മുസ്‌ലിം തന്റെ സ്വത്തിലും മറ്റുള്ളവരുടെ സ്വത്തിലും വിശ്വസ്തനും നിർഭയനുമായിരിക്കണം. ഓരോ മുസ്‌ലിമും മറ്റുള്ളവരുടെ അവകാശങ്ങളെ സംരക്ഷിക്കാൻ ബാധ്യസ്ഥനാണ്.
- കള്ളസത്യങ്ങൾ ഒരവസരത്തിലും ഉപയോഗിച്ചുകൂടാ. അത് വലിയ തെറ്റാകുന്നു.
- അന്യായമായി കൈവശപ്പെടുത്തിയ മറ്റുള്ളവരുടെ അവകാശങ്ങൾ തിരിച്ച് നൽകാൻ അത്തരക്കാർ ബാധ്യസ്ഥരാണ്. സ്വന്തം പാരത്രിക ജീവിതം നല്ലനിലക്കാവാൻ അത് അത്യാവശ്യമാണ്. ഇല്ലെങ്കിൽ അല്ലാഹുവിന്റെ കോപത്തിനും നരകശിക്ഷയ്ക്കും കാരണമാകുന്ന കാര്യമാണിത്.
- അതിക്രമങ്ങൾ എത്ര ചെറുതായാലും അല്ലാഹുവിന്റെ ശിക്ഷക്ക് കാരണമാകും. ഇത്തരം ദ്രോഹങ്ങളുടെ വിഷയത്തിൽ നാം ജാഗ്രതയുള്ളവരാകണം.
- ഈ ഹദീസ് നമ്മെ പഠിപ്പിക്കുന്ന പ്രധാന പാഠം നീതിയും സത്യസന്ധതയും പുലർത്തുക എന്നതാണ്. മറ്റുള്ളവരോട് നാം എങ്ങനെ പെരുമാറണം എന്നതിനെക്കുറിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന ഒരു ഹദീസ് കൂടിയാണിത്.
- പണം, ഭൂമി പോലെയുള്ള മറ്റുള്ളവരുടെ അവകാശങ്ങൾ എല്ലാം ഈ ഹദീസിന്റെ ആശയത്തിൽ ഉൾപ്പെടുന്നതാണ്.
- **അറാക്ക്** എന്നാൽ നാരുകളുള്ള ഒരുതരം ചെടിയാണ്. അതിന്റെ കമ്പുകൾ പല്ല് വൃത്തിയാക്കാൻ ബ്രഷായി ആളുകൾ ഉപയോഗിക്കാറുണ്ട്.